## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം ശ്രീ. വി.എൻ ജിതേന്ദ്രൻ IAS)

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E 11-34300/13 തീയതി:05-02-2014

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട്/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1- സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 03-09-2013ലെ E9-28390/12/DSJ (2)നം. സെലക്ട് ലിസ്റ്റ്

തൃശൂർ ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം സംബന്ധിച്ച് ഉയർന്ന് വന്നിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പരിചയസമ്പത്തും സേവന താൽപര്യവുമുള്ള കാര്യാലയ മേധാവിയെ നിയമിക്കേണ്ടിയിരിക്കുന്നു. ഈ വസ്തുത കണക്കിലെടുത്ത് ഭരണ പരമായ സൗകര്യാർത്ഥം ചുവടെ പറയും പ്രകാരം ജീവനക്കാരെ സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം സ്ഥലംമാറ്റം നൽകുന്നതിൽ ക്രമ നമ്പർ 1-ലേയും, 2-ലേയും സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ ഗ്രേഡ്-1 സൂപ്രണ്ടായും, ക്രമ നമ്പർ 3-ലെ സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിൽ അസൈൻമെന്റ് ലഭിച്ചിട്ടുള്ള ജീവനക്കാരനെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കും ഭരണപരമായി മാറ്റിക്കൊണ്ട് ഉത്തരവ് പറപ്പെടുവിക്കുന്നു. എന്നാൽ ടി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ സമയത്ത് നൽകിയിട്ടുള്ള തസ്തികയിലെ അസൈൻമെന്റ് മാറ്റം വരാതെ നിലനിൽക്കുന്നതാണ്.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും, കാര്യാലയവും | സ്ഥലം മാറ്റി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ. വി.റ്റി. രാധാകൃഷ്ണൻ, സീനിയർ സൂപ്രണ്ട് ജില്ലാ സാമൂഹ്യനീതി ആഫീസ്, തൃശ്ശൂർ | സൂപ്രണ്ട് ഗ്രേഡ്-1, ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | ഭരണപരം |
| 2 | ശ്രീ. എ. രാജപ്പൻപിള്ള, സൂപ്രണ്ട് ഗ്രേഡ്-1, ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | മേഖല സ്ത്രീധന നിരോധന ഓഫീസർ, എറണാകുളം | ഭരണപരം (ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ അധിക ചുമതല ശ്രീ. പ്രദീപൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഏറ്റെടുത്ത് ശ്രീ. രാജപ്പൻപിള്ള യെ വിടുതൽ ചെയ്യേണ്ടതാണ്.) |

| | | | |
|---|---|---|---|
| 3 | ശ്രീ. കെ.ജി. വിൻസെന്റ്, മേഖല സ്ത്രീധന നിരോധന ഓഫീസർ, എറണാകുളം | സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യ നീതി ഓഫീസ്, തൃശ്ശൂർ. | ഭരണപരം |
| 4 | ശ്രീ. കെ. രവീന്ദ്രൻ ആചാരി, സൂപ്രണ്ട് ഗ്രേഡ്-1, വൃദ്ധമന്ദിരം, കോട്ടയം. | സൂപ്രണ്ട് ഗ്രേഡ്-1, വൃദ്ധമന്ദിരം എറണാകുളം | അപേക്ഷ. (കോട്ടയം വൃദ്ധമന്ദിരം സൂപ്രണ്ടിന്റെ അധികചുമതല കോട്ടയം ജില്ലാ സാമൂഹ്യ നീതി ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ടോമി ജോസഫിനു നൽകുന്നു.) |

അപേക്ഷാ പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രവേശന കാലത്തിനും, യാത്രബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

ജീവനക്കാരുടെ വിടുതൽ പ്രവേശനം എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ, കേരള (ആഡിറ്റ് ആന്റ് സർവീസ്)
2. അഡീഷണൽ ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ/ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/ ഫിനാൻസ് ഓഫീസർ
3. എല്ലാ ആർ.എ.ഡി. മാർക്കും
4. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ആഫീസർമാർ
5. ഇ1 മുതൽ ഇ13 വരെ.

സ്റ്റോക്ക് ഫയൽ/ സ്പയർ

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്